LIBRARY ARCHIVES Kerala Legislative Assembly

മഞ്ചേശ്വരം മണ്ഡലത്തിലെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

8 [2988] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം മണ്ഡലത്തിൽ ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

നിർദ്ദേശം പരിശോധിക്കാവുന്നതാണ്.

കണ്ണൂർ ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ചികിൽസാ സഹായം

9 [2989] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ചികിൽസാസഹായത്തിനായി കണ്ണൂർ ജില്ലയിൽ ഈ വർഷം എത്ര പേർക്കാണ് സഹായം നൽകിയത് എന്ന് വ്യക്തമാക്കാമോ;

(ബി) കൊളവല്ലൂർ വില്ലേജിലെ നരിപ്രേമ്മൽ ശ്രീജയ്ക്ക് എത്ര രൂപ ധനസഹായം നൽകി എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ധനസഹായം എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 70 പേർക്കും പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട 90 പേർക്കുമാണ് കണ്ണൂർ ജില്ലയിൽ ഈ വർഷം ചികിൽസാധനസഹായം അനുവദിച്ചിട്ടുള്ളത്.

(ബി) & (സി) കൊളവല്ലൂർ വില്ലേജിലെ നരിപ്രേമ്മൽ വീട്ടിൽ ശ്രീമതി റീജയ്ക്ക് 7-4-2005-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 402/05/പജപവവിവ. പ്രകാരം 15,000 രൂപ ചികിത്സാധനസഹായമായി അനുവദിച്ചിട്ടുണ്ട്. തുക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതേ അഡ്രസ്സിൽ ശ്രീജ എന്നയാൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ എന്ന് പരിശോധിച്ച് വിവരം നൽകുന്നതാണ്.

GPM. 2/608/2012—8